# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

## വരാപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് - 2015-16

എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം
**e-mail address : doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ -ഇ.കെ.എം (പി13) 1922/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കാക്കനാട്

പിൻ കോഡ് – 682030

ഫോൺ നമ്പർ : 0484-2422271

തീയതി : 5.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

വരാപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വരാപ്പുഴ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഇ.കെ.എം(പി13)1922/16 തീയതി :5.11.2016

**എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 03.10.2015 മുതൽ 21.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം :

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുരേഷ് രാജു ഡി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.2016 മുതൽ 01.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഡി ജിനിൽ റോയ് , ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | കുമാരി.സാലി ജോസഫ് , ഓഡിറ്റ് ഓഫീസർ (31.10.2016 മുതൽ 01.11.2016 വരെ) |
| | ശ്രീമതി.കവിതാ എസ്.കണ്ണൻ , സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സന്തോഷ് കുമാർ കെ.വി , ഓഡിറ്റർ 22.10.2016 ന് മാത്രം |
| | ശ്രീ.ജോസ് ഫിജോയ് വി.ജെ , ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| പദവി | പേര് | കാലളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മേഴ്സി ജോണി | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീ.കെ.എസ്.മുഹമ്മദ് | 19.11.2015 മുതൽ 31.03.2016 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീ.കെ.എസ്.മുഹമ്മദ് | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | കുമാരി.കൊച്ചു റാണി ജോസഫ് | 19.11.2015 മുതൽ 31.03.2016 വരെ |
| വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ | ശ്രീമതി.മിനി ജോസ് | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |

| | | |
|---|---|---|
| | ശ്രീ.ജെയ്സൺ പി.ടി | 19.11.2015 മുതൽ 31.03.2016 വരെ |
| ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ | ശ്രീ.ടി.പി പോളി | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി.മിനി ജോസ് | 19.11.2015 മുതൽ 31.03.2016 വരെ |
| വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി.സിബി മോൾ അനീഷ് | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീ.ടി.പി പോളി | 19.11.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി. പി.ബി ടീസാമ്മ | 01.04.2015 മുതൽ 31.05.2015 വരെ |
| | ശ്രീമതി.ബീന ജോസഫ് (ഇൻ ചാർജ്ജ്) | 01.06.2015 മുതൽ 22.08.2015 വരെ |
| | ശ്രീ.സഞ്ചയ് പ്രഭു ഡി. | 23.08.2015 മുതൽ 11.09.2015 വരെ |
| | ശ്രീമതി.ആർ.മഞ്ചുള | 11.09.2015 AN മുതൽ 31.03.2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ബീന ജോസഫ് | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ജാസ്മിൻ മോൾ ടി.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീമതി.റിയ ജോർജ്ജ് | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ഐ.എസ്.എം | ഡോ.സൗമ്യ രമേഷ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.കെ.എൽ ആൽബി | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.സെലിൻ ടെൻസി | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ബിന്ദു സി.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.കെ.എ ജോയ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.മേരി സി.എ | 01.04.2015 മുതൽ 31.03.2016 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി.ഗ്രേസി | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.രശ്മി രാമചന്ദ്രൻ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം | 1-10 | |
| 11 | ഓഡിറ്റ് ഇംപാക്ട് | 1-11 | |
| | ഭാഗം - 2 | | |
| 12 | പഞ്ചായത്തിന്റെ കടമുറികളിൽ ഇറച്ചിക്കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 2-1 | |
| | ഭാഗം - 3 | | |
| 13 | എസ്.സി വിദ്യാർത്ഥികൾക്ക് യാത്രാച്ചെലവ് - സർക്കാർ അനുമതി ലഭ്യമാക്കിയില്ല-ചെലവു തുക നിരാകരിക്കുന്നു. | 3-1 | |
| 14 | ഹാന്റി ക്യാം ക്യാമറ വാങ്ങിയത്- തുക നിരാകരിക്കുന്നു. | 3-2 | |
| 15 | പത്താം ക്ളാസ് എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - അപാകതകൾ | 3-3 | |
| 16 | GCDA നിർമിച്ച ബസ് സ്റ്റാൻറ് കം ഷോപ്പിങ്ങ് കോംപ്ളക്സ് നിർമ്മാണത്തിലെ കരാർ ലംഘനം | 3-4 | |
| 17 | ടെണ്ടർ ഫോറത്തിന്റെ വില ലഭിക്കുന്നില്ല – നഷ്ടം 41685രൂപ | 3-5 | |
| 18 | ഇന്റൻഡ് പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-6 | |
| 19 | വരാപ്പുഴ ഗ്രാമ പഞ്ചായത്ത് - വാർഷിക ഓഡിറ്റ് 2015-16 – സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനിൽ വ്യത്യാസം വരുത്തി അധിക നിരക്ക് നൽകിയത് - സംബന്ധിച്ച്. | 3-7 | |
| 20 | ഉണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ മാർഗ്ഗരേഖ കർശനമായും പാലിക്കേണ്ടതാണ് | 3-8 | |
| 21 | ഭവന നിർമ്മാണം (ആശ്രയ)- പണി പൂർത്തീകരിച്ചില്ല | 3-9 | |
| 22 | മാലിന്യ സംസ്കരണം - പഞ്ചായത്ത് നിയമപ്രകാരമുള്ള ഉത്തരവാദിത്വം നിറവേറ്റുന്നില്ല | 3-10 | |
| | ഭാഗം 4 | | |
| 23 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 24 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 | |
| 26 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം. | 4-4 | |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 28 | ഓഡിറ്റ് റിക്കവറി | 4-6 | |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 30 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015-ലെ തീരുമാനം നമ്പർ ഒന്ന് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളുടെയും യഥാർത്ഥ വരവ്-ചെലവുകളുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 103052100 | 103216012 |
| വാർഷിക കണക്കുകൾ പ്രകാരം | 33762659 | 53816337 |
| വ്യത്യാസം | 69289441 | 49399675 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 11.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ്

## സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധന ഓഡിറ്റിനൊപ്പം നടത്തി തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി | റിമാർക്സ് |
|---|---|---|---|
| 2015-16 | 24.10.2016 | --- | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. അപാകതകളൊന്നും ഇല്ല. |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 20934442.8 |
| വരവ് | 33762659 |
| ആകെ | 54697101.8 |
| ചെലവ് | 48692019 |
| നീക്കിബാക്കി | 6005082.8 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2346619 | 7456660 | 9803279 | 7895456 | 1907823 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 2178403 | 905350 | 3083753 | 1355060 | 1728693 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 14000 | 14000 | 28000 | 14000 | 14000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2703334 | 5318709 | 8022043 | 8022043 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് | 1487635 | 843805 | 2331440 | 2331440 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (റോഡിതരം) | | | | | | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2574282 | 5694298 | 8268580 | 4755231 | 3513349 | 0 |
| ലോക ബാങ്ക് സഹായം | 2669228 | 1968356 | 4637584 | 2436966 | 2200618 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 164 | 122 | 2 | 40 | 74.39 |

---------------------------------------------------------------------------------

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 38 | 25 | 10661905 | 5969260 | 55.98 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 69 | 52 | 28024205 | 14822034 | 52.89 |
| വി.ഇ.ഒ | 13 | 8 | 3671120 | 1534354 | 41.79 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 2333862 | 806900 | 34.57 |
| ഹെഡ്മാസ്റ്റർ | 10 | 10 | 1316350 | 997650 | 75.78 |
| വെറ്റിനറി സർജ്ജൻ | 8 | 6 | 1481500 | 1132600 | 76.44 |
| കൃഷി ഓഫീസർ | 4 | 4 | 1316752 | 976552 | 74.16 |
| മെഡിക്കൽ ഓഫീസർ - കമ്മ്യൂണിറ്റിഹെൽത്ത് സെന്റർ | 4 | 4 | 672500 | 672500 | 100 |
| മെഡിക്കൽ ഓഫീസർ - ism | 1 | 1 | 400000 | 400000 | 100 |
| ഐ.സി.ഡി.എസ് | 4 | 4 | 2728900 | 2281672 | 83.61 |
| ഫിഷറീസ് ഇൻസ്പെക്ടർ | 1 | 1 | 200000 | 199802 | 99.9 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 50000 | 50000 | 100 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4700601 | 3604580 | (-)1096021 | -23 |
| നികുതിയേതര വരവുകൾ | 4404383 | 4639450 | 235067 | +5 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 6733428 | 7480819 | 747391 | +11 |
| ആകെ | 15838412 | 15724849 | -113563 | -7 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസി ച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 15 | 7 | 8 | - |
| 2 | തൊഴിൽ രഹിത വേതനം | 1 | 1 | - | - |
| 3 | വിധവാ പെൻഷൻ | 114 | 100 | 14 | - |
| 4 | വികലാംഗ പെൻഷൻ | 26 | 24 | 2 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 2 | 1 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 794 | 752 | 42 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 25.10.2016 ന് സ്ഥാപനത്തിലെ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 9530രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതര മായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 21.10.16 | സെപ്റ്റംബർ-2016 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 27.08.2016 മുതൽ 09.09.2016 വരെ | 2011-12 മുതൽ 2015-16 വരെ | 26.10.2016 | - |

## 1-11 ഓഡിറ്റ് ഇംപാക്ട്

വസ്തു നികുതി പരിശോധനയിൽ മുരളി &തങ്കമണി എന്ന കെട്ടിടയുടമയിൽ (14/739 A) നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തിയതിനാൽ ഓഡിറ്റ് എൻക്വയറി നൽകുകയും (എൻക്വയറി.നം 6/27.10.16) ആയതിന്റെ അടിസ്ഥാനത്തിൽ രസീത് നമ്പർ 11603104357 തീയതി 28.10.16 പ്രകാരം പിഴപ്പലിശ സഹിതം 1280/-രൂപ വസ്തുനികുതിയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്തിനു ലഭിക്കുന്നില്ല - നഷ്ടം 41685രൂപ

വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ 2015 -2016 സാമ്പത്തിക വർഷം മുതൽ 5 ലക്ഷം രൂപയ്ക്കു മുകളിലുള്ള മരാമത്ത് പ്രവർത്തികളുടെ കരാർ ഇ-ടെൻഡറിങ്ങ് സമ്പ്രദായത്തിലൂടെയാണ് നൽകിയത്. ഇപ്രകാരം കരാർ നൽകുമ്പോൾ ലഭിക്കുന്ന ടെൻഡർ ഫോറത്തിന്റെ വിലയും 4 % വാറ്റും എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടെൻഡറുകളുമായി ബന്ധപ്പെട്ട തുകകൾ ക്രെഡിറ്റ് ചെയ്യുന്നതിനായി പ്രത്യേകം തുടങ്ങിയിട്ടുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. 2015-16 വർഷം വരാപ്പുഴ ഗ്രാമപഞ്ചായത്തിൽ 10 പ്രവർത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. ഇതിൽ ടെണ്ടർ ഫോറത്തിന്റ വിലയായ 41685/- രൂപ (4 % വാറ്റ് ഉൾപ്പടെ) എക്സിക്യൂട്ടീവ് എൻജിനീയറുടെ

ടെൻഡറുകളുമായി ബന്ധപ്പെട്ട അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. ടെണ്ടർ ഫോറത്തിന്റെ വിൽപനയുമായി ബന്ധപ്പെട്ട മുഴുവൻ തുകയും (വാറ്റ് ഉൾപ്പെടെ) എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് നികുതി സർക്കാരിലേക്കും ടെണ്ടർ ഫോറത്തിന്റ വില പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കും മുതൽക്കൂട്ടേണ്ടതാണ്.

## 2-2 പഞ്ചായത്തിന്റെ കടമുറികളിൽ ഇറച്ചിക്കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ഇറച്ചികടകൾ പ്രവർത്തിക്കുന്നതിന് 1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും, ഇറച്ചികടകളും) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമാണ്. എന്നാൽ വരാപ്പുഴ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റിലെ സ്റ്റാളുകളിൽ മേൽപ്പറഞ്ഞ ലൈസൻസ് ഇല്ലാതെയും, ചട്ടങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയുമാണ് ഇറച്ചികടകൾ പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ കെട്ടിടത്തിൽ നിയമലംഘനം തുടർന്നുകൊണ്ടിരിക്കുന്നുവെങ്കിലും ഇത് തടയുന്നതിന് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഈ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കേണ്ട തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നീ ഇനങ്ങളിലെ വരവുകളും പഞ്ചായത്തിന് ലഭിക്കുന്നില്ല. ഇറച്ചിക്കടകളുടെ പ്രവർത്തനങ്ങൾ ചട്ടപ്രകാരമുള്ള നിബന്ധനകൾ ക്കനുസൃതമാക്കുന്നതിന് കർശന നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റാളുകളിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മാർക്കറ്റ് സ്റ്റാൾ നമ്പർ | സ്റ്റാൾ വാടകയ്ക്ക് എടുത്തയാളുടെ പേര് | പ്രതിമാസ വാടക ( മാർച്ച് 2016 ലേത്) |
|---|---|---|---|
| 1 | F/IX | ഔസേപ്പ് കുട്ടി ജോനമ്മ, കോരമംഗലത്ത്, ഒളനാട് | 2833 |
| 2 | F/X | ജോഷി പള്ളിപ്പറമ്പിൽ, ഒളനാട് | 2833 |
| 3 | F/XIII | മുരുകൻ കൈതച്ചാലിൽ, ഒളനാട് | 3146 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.സി വിദ്യാർത്ഥികൾക്ക് യാത്രാച്ചെലവ് - സർക്കാർ അനുമതി ലഭ്യമാക്കിയില്ല-ചെലവു തുക നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട്.നം | 42/16 |
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ട്രാൻസ്പോർട്ടേഷൻ |
| നിർവഹണോദ്യോഗസ്ഥൻ | എച്ച്.എം, ഗവ.യു.പി സ്കൂൾ ചിറക്കകം |
| ഫണ്ട് | എസ്.സി.പി |
| അടങ്കൽ | 80,000/- |
| ചെലവ് | ബിൽ.നം - 4/15-16 , 22.2.16 - 56,000/-രൂപ<br>ബിൽ.നം - 7/15-16 , 30.3.16 - 24,000/-രൂപ |

സബ് സിഡി മാർഗരേഖ (സ.ഉ എം.എസ് 362/13, 16.11.13 ) അനുബന്ധം 16 ഖണ്ഡിക 6.8 പ്രകാരം എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങളിൽ യാത്രാച്ചെലവ് ഉൾപ്പെടുന്നില്ല. എന്നാൽ മേൽ പ്രോജക്ട് പ്രകാരം എസ്.സി വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനും തിരികെ കൊണ്ടുപോകുന്നതിനും പ്രതിമാസം 8000/- രൂപ നിരക്കിൽ 10 മാസത്തേക്ക് 80,000/- രൂപ ഓട്ടോചാർജിനത്തിൽ ചെലവഴിച്ചിട്ടുണ്ട് (ഡിഡി.നം-855983/23.2.16 – 56000/- ; ഡിഡി.നം-859304/30.3.16- 24000/-). പദ്ധതി മാർഗ്ഗരേഖയിൽ ഇല്ലാത്ത മേൽ പ്രോജക്ട് നടപ്പിലാക്കുവാൻ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടില്ലായെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നിർവഹണോദ്യോഗസ്ഥൻ (എൻക്വയറി നം.10/31.10.16) വിശദീകരണം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ യാത്രാച്ചെലവിനത്തിൽ ചെലവഴിച്ച 80,000/- രൂപ നിരാകരിക്കുന്നു.

## 3-2 ഹാന്റി ക്യാം ക്യാമറ വാങ്ങിയത്- തുക നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 196/16 |
| പ്രോജക്ടിന്റെ പേര് | I.T ഉപകരണങ്ങൾ വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | എച്ച്.എം ഗവ.യു.പി.എസ് ചിറക്കകം |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| അടങ്കൽ | 2,05,000/- |
| ചെലവ് | 2,05,000/-(ബിൽ. നം 9/15-16 29.3.16) |

ലാപ്പ് ടോപ്പ്, ഡസ്ക്ടോപ്പ്, LCD പ്രോജക്ടർ, UPS, എന്നീ ഉപകരണങ്ങൾ ലഭ്യമാക്കി അധ്യയനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച മേൽ പദ്ധതി പ്രകാരം ഐ.ടി ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്ത വകയിൽ 2,05,000/- രൂപ സിഡ്കോയ്ക്ക് നൽകി (ഡിഡി.നം 859306/30.3.16 ) 2015-16 വർഷംചെലവഴിച്ചിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ കൂട്ടത്തിൽ 17,655/- രൂപയുടെ Handy Cam Camera(sony/canon) യും ഉൾപ്പെടുന്നു.വിദ്യാലയത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റേഷൻ നടത്തി SSA, AEO ഓഫീസുകളിൽ എത്തിക്കുന്നതിനാണ് Handy Camera വാങ്ങിയതെന്നാണ് നിർവഹണോദ്യോഗസ്ഥന്റെ മറുപടി (ഓഡിറ്റ് എൻക്വയറി നം – 4, 27.10.16) ഇപ്രകാരം ചെയ്യണമെന്ന് സർക്കാർ നിർദ്ദേശിക്കാത്തതിനാൽ ഈ ചെലവ് അംഗീകരിക്കാവുന്നതല്ല. പ്രോജക്ടിൽ പ്രതിപാദിക്കാത്ത Handy Cam വാങ്ങുന്നതിനായി ചെലവഴിച്ച 17,655/- രൂപ നിരാകരിക്കുന്നു.മേൽ തുക നിർവഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പത്താം ക്ലാസ് എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 40/16 |
| പ്രോജക്ടിന്റെ പേര് | പത്താം ക്ലാസ് എസ്.സി - എസ്.റ്റി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം |
| നിർവഹണോദ്യോഗസ്ഥൻ | എച്ച്.എം, ഗവ.യു.പി.എസ് ചിറക്കകം |
| ഫണ്ട് | എസ്.സി.പി |
| അടങ്കൽ | 1,00,000/- |
| ചെലവ് | 22,300/-(ബിൽ. നം 8/15-16 29.3.16) |

പത്താം ക്ലാസിൽ പഠിക്കുന്ന എസ്.സി-എസ്.റ്റി വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പദ്ധതിയിൽപ്പെടുത്തി അഞ്ച് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി വിതരണം ചെയ്ത വകയിൽ 22,300/- രൂപ വിതായത്തിൽ സൈക്കിൾസ് എന്ന സ്ഥാപനത്തിന് (ഡിഡി.നം 859303/30.3.16 ) നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ ( ജി.ഒ എം.എസ് 259/10 , 8.11.10) അനുശാസിക്കും പ്രകാരം മതിപ്പ് വില 5000/-രൂപക്ക് മുകളിലും 24,999/-രൂപക്ക് താഴെയും വരുന്ന വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കാതെയാണ് വിതരണക്കാരനെ തെരഞ്ഞെടുത്തത് വിദ്യാർത്ഥികളുടെ ലിസ്റ്റ് സ്കൂൾ അധികൃതരിൽ നിന്നും ലഭിക്കുവാൻ വൈകിയതിനാലാണ് ക്വട്ടേഷൻ നടപടികളെടുക്കുവാൻ

കഴിയാതിരുന്നതെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള (എൻക്വയറി.നം-7/27.10.16 മറുപടിയായി നിർവഹണോദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ മാർഗരേഖ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സൈക്കിളുകൾ കൈപ്പറ്റിയ അഞ്ച് വിദ്യാർത്ഥികളിൽ ഒരാളായ ജീവൻ രവി എന്ന കുട്ടിയുടെ അർഹത തെളിയിക്കുന്ന രേഖകൾ (ജാതി സർട്ടിഫിക്കറ്റ്, സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ കത്ത്) ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടിട്ടും (എൻക്വയറി.നം-7/27.10.16) ഹാജരാക്കാത്തതിനാൽ ടിയാൾക്ക് സൈക്കിൾ വാങ്ങുവാൻ ചെലവഴിച്ച 4200/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 GCDA നിർമിച്ച ബസ് സ്റ്റാൻറ് കം ഷോപ്പിങ്ങ് കോംപ്ളക്സ് നിർമ്മാണത്തിലെ കരാർ ലംഘനം

വരാപ്പുഴ ഗ്രാമ പഞ്ചായത്തിനായി GCDA നിർമിച്ച ബസ് സ്റ്റാൻറ് കം ഷോപ്പിങ്ങ് കോംപ്ളക്സ് 2006-ൽ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഈ നിർമ്മാണ പ്രവർത്തിക്കായി GCDA ഫണ്ടിൽ നിന്നും 3436640/-രൂപ ചെലവഴിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. (എന്നാൽ ചെലവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.) ഈ നിർമ്മാണ പ്രവർത്തിക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും നാളിതുവരെ 52 ലക്ഷത്തിലധികം രൂപ തിരിച്ചടവ് നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഫയൽ നം. M.6226/15 ) .2015-16 വർഷം മാത്രം ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്ത് അടവാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സീരിയൽ നമ്പർ | വൗച്ചർ നം / തീയതി . | തുക | ഫണ്ട് | റിമാർക്സ്. |
|---|---|---|---|---|
| 1 | 21500394. 13/08/15 | 1796300 | ജനറൽ പർപ്പസ് ഗ്രാന്റ് | R R മുഖേന |
| 2 | 21500525. 14/09/15 | 224538 | തനത് ഫണ്ട് | |
| 3 | 21500399. 17/08/15 | 134723 | തനത് ഫണ്ട് | |
| 4 | 21500531. 16/09/15 | 16840 | തനത് ഫണ്ട് | |
| 5 | 21501324. 30/03/16 | 1000000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |

ഈ നിർമാണ പ്രവൃത്തി സംബന്ധിച്ച് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ

കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ഈ നിർമ്മാണ പ്രവൃത്തി നടത്തുന്നതിനോടനുബന്ധിച്ച് GCDA ചെലവഴിക്കുന്ന തുക, ഗ്രാമ പഞ്ചായത്ത് തിരിച്ചടയ്ക്കേണ്ട വിധം / BOT വ്യവസ്ഥ സംബന്ധിച്ച കരാർ എന്നിവ ഹാജരാക്കിയില്ല.
2. 2006- ൽ പണി പൂർത്തീകരിച്ച ഈ ആസ്തി ഗ്രാമ പഞ്ചായത്തിന് കൈമാറുന്നതിന് ധാരണയായിട്ടുള്ളത് 2011 മുതലാണ്. എന്നാൽ 2011 വരെ ഈ ആസ്തി മുഖേന ലഭിച്ച തുക സംബന്ധിച്ച വിവരങ്ങളോ, GCDA യ്ക്ക് തിരിച്ചടവ് നടത്തിയതിന്റെ വിശദാംശങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
3. 09/08/2011 -ലെ കരാർ ( Draft Agreement ) പ്രകാരം കടമുറികൾ ലേലം ചെയ്തു കിട്ടുന്ന ഡെപ്പോസിറ്റ് തുകയും കടമുറികളുടെ വാടകയും (16 ഗഡുക്കളായി 4 വർഷത്തിനുള്ളിൽ) GCDA യിൽ അടക്കുന്നതിനാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. മേൽ തുക യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷമാണ് ജനറൽ പർപ്പസ് / മറ്റു ഫണ്ടുകളിൽനിന്നും GCDAയ്ക്ക് നല്കേണ്ടതായിട്ടുള്ളത്. അതിനാൽ ഗ്രാമപഞ്ചായത്ത് മറ്റു വരുമാനങ്ങളിൽനിന്നും തുക അടവാക്കേണ്ട ആവശ്യം ഇല്ല. കരാറിന് വിരുദ്ധമായി തുക നല്കുവാനുണ്ടായ കാരണം വ്യക്തമാക്കിയിട്ടില്ല.
4. GCDA ഈ നിർമ്മാണ പ്രവർത്തനത്തിനായി ചെലവഴിച്ച തുകയുടെ ആധികാരിക രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
5. ഷോപ്പിംഗ് കോംപ്ലക്സ് BOT വ്യവസ്ഥയിലാണ് പണിതു ഗ്രാമപഞ്ചായത്തിന് കൈമാറിയിരിക്കുന്നത്. അതിനാൽ ആസ്തി കൈമാറ്റം ചെയ്തപ്പോൾ വിലനല്കിയ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

ഈ വിവരങ്ങളും രേഖകളും ആവശ്യപെട്ട് 1.11.16 -ൽ നല്കിയ 14 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

ആയതിനാൽ ഈ നിർമ്മാണപ്രവൃത്തി സംബന്ധിച്ചും തുകയുടെ തിരിച്ചടവ് സംബന്ധിച്ചും കൂടുതൽ അന്വേഷണത്തിന് ശുപാർശചെയ്യുന്നു.

## 3-5 ഇന്റന്റ് പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ CHC നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | SO. 016/16 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ - മരുന്നു വാങ്ങൽ |
| ചെലവ് വിവരം | |

| | |
|---|---|
| 30,000/- രൂപ | ഡി.ഡി നം.887494 തീയതി.23.12.2015 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി. |
| 100000/-രൂപ | ഡി.ഡി നം.857305 തീയതി. 21.03.2016 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി. |
| ലഭിച്ചത് | 83134 രൂപയുടെ മരുന്നുകൾ |
| ബാക്കി ലഭിക്കുവാനുള്ളത് | 46866 രൂപയുടെ മരുന്നുകൾ |

| | |
|---|---|
| പ്രോജക്ട് നം | SO. 015/16 |
| പ്രോജക്ടിന്റെ പേര് | മെന്റൽ ഹെൽത്ത് - മരുന്ന വാങ്ങൽ |
| ചെലവ് വിവരം | |
| 72500- രൂപ | ഡി.ഡി നം.759584 തീയതി.13.08.2015 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി |
| | |
| ലഭിച്ചത് | 9287 രൂപയുടെ മരുന്നുകൾ |
| ബാക്കി ലഭിക്കുവാനുള്ളത് | 63213 രൂപയുടെ മരുന്നുകൾ |

110079 രൂപയ്ക്കുള്ള (46866 + 63213) മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും ലഭ്യമാക്കുവാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-6 വരാപ്പുഴ ഗ്രാമ പഞ്ചായത്ത് - വാർഷികഓഡിറ്റ് 2015-16 - സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷനിൽ വ്യത്യാസം വരുത്തി അധിക നിരക്ക് നൽകിയത് -

സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 13.16.1. 6mm cement plaster of mix 1:3 (1 cement : 3 fine sand) എന്ന ഇനത്തിന്റെ DSR നിരക്കിനോട് കോസ്റ്റ് ഇന്റക്സ് ചേർത്ത നിരക്കും വിവിധ പ്രവൃത്തികളിൽ പഞ്ചായത്ത് ഈ ഇനത്തിന് നൽകിയ നിരക്കും താഴെ ചേർക്കുന്നു.

| 13.16.1. | DSR നിരക്ക് | | പഞ്ചായത്ത് നൽകിയ നിരക്ക് | |
|---|---|---|---|---|
| | With CPOH | without CPOH | with CPOH | without CPOH |
| 10sqmന് വാട്ടർ ചാർജ്ജ് ഉൾപ്പെടെയുള്ള നിരക്ക് | 1171.36 | 1171.36 | 213.30 | 1333.828 |
| (+) 15% CPOH | 175.70 | 0 | 200.0742 | 0 |
| 10sqm ന് ആകെ | 1347.06 | 1171.36 | 1533.902 | 1333.828 |
| 1sqm ന് | 134.71 | 117.14 | 153.39 | 133.3828 |
| Say | 134.70 | 117.14 | 153.40 | 133.4 |
| 1sqm ന്കോസ്റ്റ് ഇന്റക്സ് 1.3905 ചേർക്കുമ്പോൾ | 187.30 | 162.88 | 213.30 | 185.4927 |
| Say | 187.30 | 162.80 | 213.30 | 185.50 |

3.16.1 -ാം നമ്പർ സ്പെസിഫിക്കേഷനിൽ 6mm എന്നതിന് പകരം 9mm കനം കണക്കാക്കിയാണ്

പഞ്ചായത്ത് ഈയിനം പ്രവൃത്തി ചെയ്തിട്ടുള്ളത്. എന്നാൽ സി.പി.ഡബ്ലിയു.ഡി. സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി നിരക്ക് കണക്കാക്കേണ്ട സാഹചര്യം എസ്റ്റിമേറ്റ് റിപ്പോർട്ടിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ അധികനിരക്ക് നൽകിയ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം താഴെ ചേർക്കുന്നു.

| പ്രേജക്ട് | എസ്റ്റിമേറ്റ് ഇനം | നിർവ്വഹണം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| S080/16 ഖാദിഭവൻ റോഡ് കാന പണി-വാർഡ് 13 | 6 | ടെണ്ടർ | 61.27m2 x 227.13 =13916.26 | 61.27m2x 187.3= 9974.8 | 3941 |
| 79/16.നസ്രത്ത് ഡ്രെയിൻ | 10 | ടെണ്ടർ | 55.62m2 x 213.3= 11847.06 | 55.62m2x187.3 = 10417.63 | 1429.43 |
| 90/16 തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ, അറക്കൽ ജംഗ്ഷൻ | 9 | ഗുണഭോക്തൃ സമിതി | 34.88m2x 185.5 = 6470.24 | 34.88m2x162.8 = 5678.46 | 791.94 |
| 157/16 നോർത്ത് കോസ്റ്റൽ റോഡ്. | 8 | ടെണ്ടർ | 230.19m2 x 213.3 = 49099.53 | 230.19m2 x 187.3 = 43114.59 | 5984.94 |
| ആകെ അധികം നൽകിയ തുക | | | | | 12147.31 |

ഈ രീതിയിൽ തെറ്റായ സ്പെസിഫിക്കേഷൻ പ്രകാരം പണി നടത്തിയതിനാൽ അധികമായി തുക കരാറുകാർക്ക്/കൺവീനർക്ക് നൽകിയിട്ടുണ്ട്. ഇത് പുനപരിശോധിച്ച് ആവശ്യമായ

നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ മാർഗ്ഗരേഖ കർശനമായും പാലിക്കേണ്ടതാണ്

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം.13, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖ എന്നിവ പ്രകാരം ഗുണഭോക്തൃസമിതികൾ മുഖേന പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്.

1.എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവഴിച്ച തുകയോ ഏതാണോ കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് നൽകേണ്ടത്.
2.നിർമ്മാണസാധനങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്തി ഗുണഭോക്തൃസമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങണം. വാങ്ങുന്നത് വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും, സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തംവില, തീയതി എന്നിവ രേഖപ്പെടുത്തിയ രസീതികൾ വേണം. സിമന്റ്, കമ്പി, ബിറ്റുമെൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതും അപ്രകാരമുള്ള ബില്ലുകൾ, സമിതി അംഗീകരിച്ച വരവ് ചെലവ് കണക്കുകൾ, മിനുട്ട്സ് ബുക്ക്, മുതലായവ സഹിതം, പണിപൂർത്തീകരിക്കുന്ന മുറയ്ക്ക്, പഞ്ചായത്തിന് കൈമാറേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കണം ഗുണഭോക്തൃസമിതിക്ക് ഫണ്ട് അനുവദിക്കേണ്ടത്. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെയാണ് പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുള്ളത്.ഗുണഭോക്തൃസമിതി യോഗങ്ങളുടെ മിനുട്ട്സ് ബുക്ക് ലഭ്യമല്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം.13, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖ കർശനമായും പാലിക്കേണ്ടതാണ്.

## 3-8 ഭവന നിർമ്മാണം (ആശ്രയ)- പണി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഭവന നിർമ്മാണം (ആശ്രയ) |
| പ്രോജക്റ്റ് നമ്പർ | SO 09/2016 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

| | |
|---|---|
| അടങ്കൽ | 729400/- രൂപ |
| ചെലവ് വിവരങ്ങൾ | |
| ബിൽ നം.2/16 തീ.01/01/16 | 75000/-രൂപ |
| ബിൽ നം.5/16 തീ.12/02/16 | 75000/-.രൂപ |
| ബിൽ നം.7/16തീ.25/02.16 | 275000/-രൂപ |
| ബിൽ നം.8/16തീ.15/03.16 | 100000/-രൂപ |
| ബിൽ നം.9/16തീ.23/03.16 | 204400/-രൂപ |

ഈ പദ്ധതിയിൽ 3 ഗുണഭോക്താക്കൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
1.ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം മുൻഗണന അടിസ്ഥാനത്തിലല്ല തുക നല്കിയിട്ടുള്ളത്.
2.ശ്രീമതി.നിർമല മണി എന്ന ഗുണഭോക്താവിന്റെ തൊഴിൽ കാർഡിൽ IAY ഭവനം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടിയാൾ IAY ഭവന പദ്ധതിയിൽ തുക കൈപ്പറ്റിയിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.
3.കരാർ ഉടമ്പടി പ്രകാരം 2016 മാർച്ച് 31 ന് മുമ്പായി ഭവന നിർമാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ശ്രീമതി.നിർമല മണി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.
ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതും , മേൽപ്പറഞ്ഞ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

## 3-9 മാലിന്യ സംസ്കരണം - പഞ്ചായത്ത് നിയമപ്രകാരമുള്ള ഉത്തരവാദിത്വം നിറവേറ്റുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട്, 1994ലെ സെക്ഷൻ 219എ. പ്രകാരം മാലിന്യം നീക്കം ചെയ്യേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. വരാപ്പുഴ മാർക്കറ്റിലെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 56 കടമുറികളും, 22 തറകളും വാടകയ്ക്ക് നല്കിയിട്ടുണ്ട്. ഈ കടമുറികളിലും തറകളിലുമായി മത്സ്യം, പച്ചക്കറി, പലചരക്ക് എന്നിവയുടെ കച്ചവടങ്ങൾ നടത്തുന്നതിന് ലൈസൻസ് നൽകിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ 3 ഇറച്ചിക്കടകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയിൽ നിന്നുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. മാലിന്യ സംസ്കരണത്തിനായുള്ള പദ്ധതികളിൽ 2010-11 മുതൽ തുക വകയിരുത്തിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | വർഷം | പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | ഖരമാലിന്യ സംസ്കരണം | 2010-11 | 32 | 2200000 | 0 |
| 2 | ഖരമാലിന്യ സംസ്കരണം | 2011-12 | 86 | 2200000 | 0 |

| | | | | | |
|---|---|---|---|---|---|
| | (സ്പിൽ ഓവർ) | | | | |
| 3 | വരാപ്പുഴ മാർക്കറ്റിന് ബയോഗ്യാസ് പ്ലാന്റ് (സ്പിൽ ഓവർ) | 2012-13 | 118 | 142000 | 0 |
| 4 | വരാപ്പുഴ മാർക്കറ്റിന് ബയോഗ്യാസ് പ്ലാന്റ് (സ്പിൽ ഓവർ) | 2013-14 | 80 | 142000 | 0 |
| 5 | പഞ്ചായത്ത് മാർക്കറ്റിലും, ചിറയ്ക്കകം ഗവൺമെന്റ് യു.പി സ്കൂളിലും ബയോബിൻ സ്ഥാപിക്കുക | 2013-14 | 155 | 700000 | 0 |
| 6 | പഞ്ചായത്ത് മാർക്കറ്റിലും, ചിറയ്ക്കകം ഗവൺമെന്റ് യു.പി സ്കൂളിലും ബയോബിൻ സ്ഥാപിക്കുക | 2014-15 | 129 | 700000 | 0 |
| 7 | ബയോബിൻ - തുടർ പ്രവർത്തന ചെലവ് | 2014-15 | 102 | 800000 | 0 |
| 8 | പഞ്ചായത്ത് മാർക്കറ്റിലും, ചിറയ്ക്കകം ഗവൺമെന്റ് യു.പി സ്കൂളിലും ബയോബിൻ സ്ഥാപിക്കുക (സ്പിൽ ഓവർ) | 2015-16 | 53 | 700000 | 0 |
| 9 | ബയോബിൻ - തുടർ പ്രവർത്തന ചെലവ് (സ്പിൽ ഓവർ) | 2015-16 | 49 | 800000 | 0 |

മാലിന്യസംസ്കരണ മാർഗ്ഗങ്ങളില്ലാത്തതിനാൽ മാലിന്യങ്ങൾ മാർക്കറ്റിൽ കൂട്ടിയിടുന്ന രീതിയാണ് നിലവിലുള്ളത് . ഇതിനു സമീപം ഭക്ഷണശാലകൾ ഉൾപ്പെടെയുള്ള കടകൾ പ്രവർത്തിക്കുന്നുണ്ട്. മാർക്കറ്റിലെ കച്ചവടക്കാർക്കും, മാർക്കറ്റിൽ വരുന്നവർക്കും, സമീപ പ്രദേശ വാസികൾക്കും പല വിധ ആരോഗ്യപ്രശ്നങ്ങൾക്കും ഈ രീതിയിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് കാരണമാകുമെന്നതിനാൽ, മാലിന്യം നീക്കം ചെയ്യുക എന്ന ചട്ടപ്രകാരമുള്ള ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടത് പഞ്ചായത്ത് ഭരണസമിതിയുടെയും, സെക്രട്ടറിയുടെയും ഉത്തരവാദിത്വമാണ്. ആയതിനാൽ പഞ്ചായത്തിലെ മാലിന്യ സംസ്കരണത്തിന് ശാശ്വതമായ ഒരു പരിഹാരം

അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | 385800 | 21/16 – പൊക്കാളി നെൽകൃഷി വികസനം | 385800 | ഇല്ല |
| | 100000 | 16/16 പാലിയേറ്റീവ് കെയർ | 100000 | ഇല്ല |
| | 145000 | 7/16 ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 145000 | ഇല്ല |
| | 700000 | 116/16 ബയോബിൻ സ്ഥാപിക്കൽ | - | 700000 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 166180 | 7/16 ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ആനുകൂല്യങ്ങളും | 166180 | ഇല്ല |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ഡിമാൻഡ് ഡ്രാഫ്റ്റ് | | തുക | ചെലവഴിച്ച തുക | പൂർത്തീക-രിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|---|
| | | നമ്പർ | തീയതി | | | | |
| കെ. എസ്. ഇ. ബി. | തിരുമുപ്പം കളത്തിന സമീപം തെരുവ് വിളക്ക്/ ലൈൻ സ്ഥാപിക്കൽ | 882955 | 22.9.15 | 148290 | 148290 | പൂർത്തീകരിച്ചു | ഇല്ല |
| | എൻ.എച്ച് 17 ൽ SNDP കവല മുതൽ വരാപ്പുഴ പാലം വരെ തെരുവ് വിളക്ക്/ ലൈൻ സ്ഥാപിക്കൽ | 882952 | 22.9.15 | 320320 | 320320 | | |
| | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 759300 | 01.08.15 | 50426 | 50426 | | |
| | | 885739 | 21.12.15 | 4777 | 4777 | | |
| | | 857151 | 15.03.16 | 36248 | 36248 | | |
| | | 861472 | 07.04.16 | 39952 | 39952 | | |
| | | 861482 | 07.04.16 | 20854 | 20854 | | |
| | | 882947 | 22.09.16 | 16355 | 16355 | | |
| | | 882949 | 22.09.16 | 21742 | 21742 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

## ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

# 4-4 .i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാൻ അവശേഷിയ്ക്കുന്നത് | ഉദ്ദേശ്യം നേടിയത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| | ഇല്ല | - | - | - | - |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഓഫീസ് കെട്ടിട നിർമ്മാണം | സ.ഉ.(സാ.ധാ) നം.3731/11/ ത.സ്വ.ഭ.വ. | 9147212 | 2726305 | 568980 | 302190 | 2157325 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 60,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 60,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 60,00,000 |

| നിക്ഷേപത്തിന്റെ വിവരം | തുക | സർട്ടിഫിക്കറ്റ് |
|---|---|---|

| | | നമ്പർ |
|---|---|---|
| വരാപ്പുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15,00,000 | TT 31646 |
| വരാപ്പുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15,00,000 | TT 31647 |
| വരാപ്പുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15,00,000 | TT 37411 |
| വരാപ്പുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 15,00,000 | TT 37412 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതു നമ്പർ/ തീയതി |
|---|---|---|---|---|
| 2013-14 വർഷത്തെ ഓഡിറ്റ് വേളയിൽ ചൂണ്ടിക്കാണിച്ചതുസരിച്ച് | | 10064 | NIPIN E.V (Contractor) | 1503103269/16.10.15 |
| | | 26286 | BP SABU (Contractor) | 1503103270/16.10.15 |
| | | 6068 | KR RAVI (Contractor) | 1503103271/16.10.15 |
| | | 7793 | KR RAVI (Contractor) | 1503103272//16.10.15 |
| | | 14447 | SUNEESH (Contractor) | 1503103273/16.10.15 |
| | | 16551 | T. K. SALAM (Contractor) | 1503103274/16.10.15 |
| | | 6848 | K. V. JUDE (Contractor) | 1503103290/16.10.15 |
| | | 11550 | K. V. JUDE (Contractor) | 1503103291/16.10.15 |
| | | 2236 | K. V. JUDE (Contractor) | 1503103292/16.10.15 |
| | | 13,754 | K. V. JUDE (Contractor) | 1503103293/16.10.15 |
| | | 23460 | LIYAKATH ALI | 1503103294/16.10.15 |
| ആകെ | | 139017 | | |

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 1,39,017/- രൂപ ഈടാക്കിയിട്ടുണ്ട്.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2009-10 & 2010-11 | 2011-12 | 3.2.6.3 | റോഡ് നിർമ്മാണം - സംരക്ഷണ പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.7 | ആസ്തി രജിസ്റ്ററുകളുടെ പരിപാലനം | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.9 | കണക്ടിവിറ്റി പ്ലാൻ | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 2009-10 & 2010-11 | 2011-12 | 3.2.13 | കരാർ പ്രവൃത്തികളിലെ ഗുണഭോക്തൃ കമ്മിറ്റിയുടെ മോണിറ്ററിംഗ് നടത്തിയില്ല | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.15 | ഡ്രെയിനേജ് സംവിധാനം | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| 2009-10 & 2010-11 | 2011-12 | 3.2.18 | ടെണ്ടർ നടപടികളിലെ ക്രമക്കേട് | പഞ്ചായത്ത് സമർപ്പിച്ച മറുപടിയിന്മേൽ സൂക്ഷ്മപരിശോധന നടത്തി നിയമസഭാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

പഞ്ചായത്തിന്റെ കീഴിൽ ആശുപത്രി വികസന സമിതികൾ പ്രവർത്തിക്കുന്നില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33762659 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48692019 |
| വരവിനങ്ങളിലുള്ള നഷ്ടം | 41685 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 97655 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4200 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് | ചെലവ് | |

| | | | |
|---|---|---|---|
| 2-1 | 41685 | | കെ.എൽ.ആൽബി ഹെഡ്മാസ്റ്റർ , ജി.യു.പി.എസ് ചിറക്കകം |
| 3-1 | | 80000 | കെ.എൽ.ആൽബി ഹെഡ്മാസ്റ്റർ , ജി.യു.പി.എസ് ചിറക്കകം |
| 3-2 | -- | 17655 | കെ.എൽ.ആൽബി ഹെഡ്മാസ്റ്റർ , ജി.യു.പി.എസ് ചിറക്കകം |
| ആകെ | 41685 | 97655 | |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

3.3 4200/- കെ.എൽ.ആൽബി,ഹെഡ്മാസ്റ്റർ , ജി.യു.പി.എസ് ചിറക്കകം

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എൽ.ആൽബി ഹെഡ്മാസ്റ്റർ , ജി.യു.പി.എസ് ചിറക്കകം | ഹെഡ്മാസ്റ്റർ , ജി.യു.പി.എസ് ചിറക്കകം | കല്ലൂർ ഹൗസ് , കോട്ടുവള്ളി , പിൻ - 683519 |
| ശ്രീമതി.ജാസ്മിൻ മോൾ ടി.കെ , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വരാപ്പുഴ ഗ്രാമപഞ്ചായത്ത് | കനിക്കോടത്ത് ഹൗസ്, പാനായിക്കുളം, പിൻ- 683511 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1999-2000 | എൽ.എഫ്.ഇ(പി 5)1118/02 / 17.12.2002 | |
| 2007-08 | എൽ.എഫ്.ഇ(പി 6)1090/09 / 09.02.2010 | |
| 2008-09 | എൽ.എഫ്.ഇ(പി 6) 470/11 / 26.09.2011 | |
| 2009-10 | എൽ.എഫ്.ഇ(പി 6) 66/12 / 07.02.2012 | |
| 2010-11 | എൽ.എഫ്.ഇ(പി 6) 68/12 / 07.02.2012 | |
| 2011-12 | എൽ.എഫ്.ഇ(പി 6)2239/13 / 20.01.2014 | |
| 2012-13 | എൽ.എഫ്.ഇ(പി 6)1767/14 / 13.11.2014 | |
| 2013-14 | കെ.എസ്.എ-ഇ.കെ.എം(പി 11)1783/15 / 25.11.2015 | |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി 11)884/16 , 06.06.2016 | |

ജോയിന്റ് ഡയറക്ടർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഇ.കെ.എം(പി13) 1922/2016 കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം.
സിവിൽ സ്റ്റേഷൻ , കാക്കനാട്
പിൻ കോഡ് – 682 030
0484 2422271,
lfadekm@gmail.com

തീയതി: 5.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# ANNEXURE II

## AUDIT CERTIFICATE

KSA-EKM(P13)1922/2016

Kerala State Audit Department,
District Audit Office, Ernakulam,
Civil Stattion , Kakkanad
Pin code – 682030
Ph : 0484-2422271
e-mail : lfadekm@gmail.com

Date : 5.11.2016

Certified that I have audited the Annual Financial Statement of Varappuzha Grama panchayat in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Varappuzha Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director